WEDNESDAY 25-05-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Sunilkumar R Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-25/05/2022.

1. തിരുവനന്തപുരം സിറ്റി കോർപ്പറേഷൻ കൃഷി ഭവൻ പരിധിയിലെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത പി. എം കിസാൻ ഗുണഭോക്താക്കളായ കർഷകർ ഭൂമി സംബന്ധിച്ച വിവരങ്ങൾ ലാൻഡ് വെരിഫിക്കേഷനു വേണ്ടി പാളയം സാഫല്യം കോംപ്ലക്സിലെ സിറ്റി കോർപ്പറേഷൻ കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണെന്ന് കൃഷി ഫീൽഡ് ഓഫീസർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2320942** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. കേരള വെറ്ററിനറി സർവകലാശാലക്ക് കീഴിൽ മണ്ണുത്തി യൂണിവേഴ്സിറ്റി ലൈവ് സ്റ്റോക്ക് ഫാമിൽ സങ്കരയിനം തീറ്റപ്പുൽ നടീൽ വസ്തുക്കൾ വില്പനക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനുമായി **9656090440, 7994996019, 0487 – 2370302** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. റബ്ബർപാൽ വിപണനം, ഷീറ്റുറബ്ബർ സംസ്കരണം എന്നിവ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് റബ്ബർബോർഡിലെ അസിസ്റ്റന്റ് ക്വാളിറ്റി കൺട്രോൾ ഓഫീസർ ഇന്ന് (മെയ് 25) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഫോണിലൂടെ മറുപടി നൽകുന്നതാണ്. **0481 2576622** എന്നതാണ് കോൾസെന്റർ നമ്പർ.

4. ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് അനിമൽ ഐഡന്റിഫിക്കേഷൻ ട്രേസബിലിറ്റി സംവിധാനത്തിലൂടെ വളർത്തു മൃഗങ്ങളുടെ വിശദാംശങ്ങൾ അടങ്ങിയ അനിമൽ ഡാറ്റാബേസ് ശേഖരിക്കാൻ മൃഗസംരക്ഷണ വകുപ്പ് തുടക്കം കുറിക്കുന്നു. ഇത്തരത്തിൽ ശേഖരിക്കുന്ന ഡാറ്റ ഡാറ്റ അനലിറ്റിക്സ്, ബ്രീഡിംഗ് മാനേജ്മെന്റ്, പെഡിഗ്രി റെക്കോർഡ് സൃഷ്ടിക്കൽ, രോഗനിരീക്ഷണം, ഇ-വെറ്റിനറി സർവ്വീസ്, ഇൻഷൂറൻസ് അധിഷ്ഠിത സേവനങ്ങൾ, ഭാവി പ്രവർത്തനങ്ങളുടെ ആസൂത്രണം എന്നിവയ്ക്കായി ഉപയോഗിക്കാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തുടനീളമുള്ള കൃഷിക്കാരുടെ വിവരങ്ങളും, വളർത്തു മൃഗങ്ങളുടെ വിവരങ്ങളും ശേഖരിക്കുകയും, മൃഗങ്ങളെ തിരിച്ചറിയുന്നതിനായി ആർ എഫ് ഐഡി (റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ) അഥവാ മൈക്രോചിപ്പ് അധിഷ്ഠിത

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ടാഗിങ്ങും, ജിഐഎസ് മാപ്പിംഗും വിഭാവനം ചെയ്യുന്നതാണ് Animal Traceability and Health Management System. കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി **ഇ-സമൃദ്ധ** എന്ന പേരിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. മൃഗങ്ങളുടെ തൊലിക്കടിയിൽ നിക്ഷേപിക്കാവുന്നതും റിയാക്ഷൻ ഉണ്ടാക്കാത്തതുമാണ് മൈക്രോചിപ്പ്. ഒരു ദിവസം പ്രായമുള്ള മൃഗങ്ങളിലും മൈക്രോചിപ്പ് ഘടിപ്പിക്കാവുന്നതാണ്. മൈക്രോചിപ്പ് റീഡർ ഉപയോഗിച്ച് ഇതിൽ രേഖപ്പെടുത്തിയിട്ടുള്ള തിരിച്ചറിയൽ നമ്പർ മനസ്സിലാക്കാവുന്നതാണ്. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഈ മാസം 30-ന് (മേയ് 30) രാവിലെ 10.30 ന് പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ എജിറ്റി ആഡിറ്റോറിയത്തിൽ വച്ച് കേരള നിയമസഭ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറിന്റെ സാന്നിധ്യത്തിലും ആരോഗ്യ കുടുംബക്ഷേമ വനിത ശിശു വികസന വകുപ്പു മന്ത്രി വീണാ ജോർജ്ജിന്റെ അദ്ധ്യക്ഷതയിലും കൂടുന്ന യോഗത്തിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ വ്യാപകമായ മഴക്കെടുതിമൂലം കൃഷിയിടങ്ങളിൽ അടിയന്തിരമായി കൈക്കൊള്ളേണ്ട പരിപാലന മുറകൾ, കർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ആരായുന്നതിനും, സംശയ നിവാരണങ്ങൾക്കുമായി കർഷകർക്കായി ഓൺലൈൻ ഹെൽപ് ഡെസ്ക് ആരംഭിച്ചിരിക്കുന്നു. കൃഷി വിജ്ഞാന കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ താഴെ പറയുന്ന അനുബന്ധ മേഖലകളുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് മറുപടി നൽകുന്നതാണ്.

| | |
|---|---|
| ഡോ. ചിഞ്ചു.വി.എസ്, അസിസ്റ്റൻറ് പ്രൊഫസർ ( അഗ്രി. എക്സ്റ്റൻഷൻ) | 9995224269 |
| അശ്വതി.കെ.കെ, അസിസ്റ്റൻറ് പ്രൊഫസർ ( പ്ലാൻറ് പാത്തോളജി) | 9995306435 |
| അശ്വതി കൃഷ്ണ ആർ, അസിസ്റ്റൻറ് പ്രൊഫസർ ( അഗ്രി. എൻറമോളജി) | 8289832152 |
| ജാലിയ എം.കെ, അസിസ്റ്റൻറ് പ്രൊഫസർ (അഗ്രി. എക്സ്റ്റൻഷൻ) | 8086523003 |

6. ജൂൺ ഒന്ന് ക്ഷീരദിനത്തോടനുബന്ധിച്ച് ഓച്ചിറ ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 27-ന് ( മേയ് 27) ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾക്കായി ഡയറി ക്വിസ്, ചിത്ര രചന (പെൻസിൽ ഡ്രോയിംഗ്) മത്സരം എന്നിവ നടത്തുന്നു. മത്സരത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ ഈ മാസം 25 നു (മേയ് 25) വൈകിട്ട് 5 മണിക്ക് മുമ്പായി **0476-2698550, 9847437232** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റ് ജൂൺ ഒന്നിന് വിതരണം നടത്തുന്നതാണെന്നും ഓച്ചിറ ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രം പ്രിൻസിപ്പാൾ അറിയിക്കുന്നു.

7. വർഷം മുഴുവൻ പാലിന് ഇൻസെന്റീവ് പദ്ധതി ലോക ക്ഷീര ദിനമായ ജൂണ് 1-ന് തുടക്കം കുറിക്കുമെന്നും മൃഗാശുപത്രികളിൽ അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുമെന്നും, മിൽമ, കേരള ഫീഡ്സ് എന്നിയുടെ സഹകരണത്തോടെ സൈലേജ് നിർമ്മാണവും വിതരണവും കേരളമൊട്ടാകെ വ്യാപിപ്പിക്കുമെന്നും, സമഗ്ര ഇൻഷുറൻസ് പദ്ധതി എല്ലാ കന്നുകാലികളെയും ഉൾപ്പെടുത്തുന്ന രീതിയിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കുമെന്നും, മൃഗസംരക്ഷണ വകുപ്പിനെ കാലാനുസൃതമായ പരിഷ്കാരങ്ങൾക്ക് വിധേയമാകുമെന്നും മൃഗസംരക്ഷണ- ക്ഷീര വികസന- മൃഗശാല വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി പ്രസ്താവിച്ചു. ഉടുമ്പന്നൂർ പഞ്ചായത്തിലെ ഉപ്പുകുന്നിൽ പുതിയ മൃഗാശുപത്രിയുടെ പ്രവർത്തന ഉദ്ഘാടാനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. ഉപ്പുകുന്ന് ഗവ. ട്രൈബൽ എൽ പി സ്കൂൾ ഹാളിൽ വച്ച് നടന്ന പരിപാടിയിൽ തൊടുപുഴ എം എൽ എ പി.ജെ .ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ഉദ്ഘാടന ശേഷം മന്ത്രി ജില്ലാ മൃഗാശുപത്രിയിലെ അത്യാധുനിക സൗകര്യങ്ങളായ എക്സ്റേ, അൾട്രാസൗണ്ട് സ്കാനർ, എൻഡോസ്കോപ്പി, ഹെമറ്റോളജി അനലൈസർ മുതലായ നവീന ഉപകരണങ്ങളുടെ പ്രവർത്തനം നിരീക്ഷിച്ച് സംതൃപ്തി രേഖപ്പെടുത്തി.

8. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ നിന്നും 2022 വർഷത്തെ പാൽ കാർഡ് ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് ഈ മാസം 31 (മേയ് 31) വരെ ഫാം ഓഫീസിൽ നിന്നും രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 3 വരെ നൽകുന്നതാണ്. ആവശ്യമുള്ളവർ റേഷൻ കാർഡുമായി നേരിട്ട് ഓഫീസിൽ എത്തണമെന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം സൂപ്രണ്ട് അറിയിക്കുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## പരിശീലന പരിപാടികൾ

9. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നാളെ (മേയ് 26) രാവിലെ 11 മണിക്ക് **മണ്ണ്-ജല സംരക്ഷണത്തിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക

10. പട്ടാമ്പി കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് നാളെ (മേയ് 26) രാവിലെ 10 മണി മുതൽ **കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **6282937809, 0466-2912008** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

11. റബ്ബറിന്റെ **ഇ-ട്രേഡിങ്, റബ്ബർവിപണി, കയറ്റുമതി സാധ്യതകൾ, റബ്ബർവിലയുമായി ബന്ധപ്പെട്ട ഘടകങ്ങൾ, ലൈസൻസിങ്, ഗവണ്മെന്റിന്റെ എക്സിം പോളിസികൾ, വിപണിവികസനത്തിനും കയറ്റുമതി പ്രോത്സാഹനത്തിനുമുള്ള നടപടികൾ** എന്നിവയുൾക്കൊള്ളിച്ചുകൊണ്ടുള്ള രണ്ടു ദിവസത്തെ പരിശീലനം ഈ മാസം 26,27 (മെയ് 26, 27) തീയതികളിൽ കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ച് നടത്തും. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം